# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 455 | 22.07.2015-ൽ മറുപടിയ്ക്ക്

## കുറ്റകൃത്യങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് ദേശീയ ശരാശരിയെക്കാളും കൂടുതലാണെന്ന ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2013-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ നിരക്ക് ദേശീയ തലത്തിൽ 212.4 ആണ്. എന്നാൽ കേരളത്തിൽ 502.2 ആണ് രേഖപ്പെടുത്തി കാണുന്നത്. 2013-ൽ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 1,76,334 ഐ.പി.സി. കേസുകളെ Registration General of India യുടെ കണക്ക് പ്രകാരമുള്ള അന്നത്തെ ജനസംഖ്യയായ 351.11 ലക്ഷം എന്ന സംഖ്യകൊണ്ട് ഹരിച്ച് കിട്ടിയ കണക്ക് പ്രകാരമാണ് മേൽ പറയുന്ന 502.2 എന്ന നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 2014-ലെ കണക്കുകൾ ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. കൊലപാതകങ്ങൾ പോലുള്ള ഗുരുതര കുറ്റകൃത്യങ്ങളുടെ നിരക്ക് കേരളത്തിൽ കുറവാണ്. എന്നാൽ മറ്റ് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ദേശീയതലത്തിൽ ഉള്ളതിനെക്കാൾ കേരളത്തിൽ കൂടുതലാണ്. ഇതിൽ ബഹുഭൂരിപക്ഷവും പോലീസ് സ്വമേധയാ എടുക്കുന്ന കേസുകളും, ട്രാഫിക് കേസുകൾ, വർദ്ധിച്ചു വരുന്ന വാഹന അപകട കേസുകൾ എന്നിവയൊക്കെയാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിയമബോധവും, നിയമസാക്ഷരതയും ഏറെയായതിനാൽ ചെറുതും വലുതുമായ മിക്ക കാര്യങ്ങൾക്കും കേസുകൊടുക്കാൻ പൊതുജനങ്ങൾ മടികാണിക്കാറില്ല. ഒരു കേസിന് തന്നെ കൗണ്ടർ കേസ് കൊടുക്കുന്ന പ്രവണതയും ഇത്തരത്തിലുള്ള കേസുകളുടെ എണ്ണം കൂടുവാൻ കാരണമാവുന്ന ഘടകമാണ്. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും, ഏതൊരു വ്യക്തിയ്ക്കും ആൺ-പെൺ ഭേദമില്ലാതെ ഭയരഹിതമായി പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സമർപ്പിക്കാനുള്ള അവസരവും കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവിന് ഒരു ഘടകമാണ്. |

(ബി) ആത്മഹത്യ, വിവാഹമോചനം, ഒളിച്ചോട്ടം, അശ്ലീല ദൃശ്യങ്ങളുടെ വ്യാപനം, സൈബർ നിയമലംഘനങ്ങൾ തുടങ്ങിയവയുടെ സംസ്ഥാനത്തെ നിരക്ക് ദേശീയ ശരാശരിയെക്കാളും വർദ്ധിച്ചിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2013-ൽ ആത്മഹത്യയുടെ ദേശീയ നിരക്ക് 10.9 ആയിരിക്കുമ്പോൾ കേരളത്തിൽ 24.6 ആണ്. 2013-ൽ അശ്ലീലദൃശ്യങ്ങളുടെ വ്യാപനത്തിന്റെ നിരക്ക് ദേശീയതലത്തിൽ 0.06 ഉം, കേരളത്തിൽ 0.11-ഉം ആണ്. 2013-ൽ സൈബർ നിയമ ലംഘനങ്ങൾ ദേശീയതലത്തിൽ 4356 കേസുകൾ രജിസ്റ്റർ ചെയ്യപ്പോൾ കേരളത്തിൽ അത് 390 ആണ്. ആയതിന്റെ നിരക്ക് ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ ലഭ്യമാക്കിയിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കണക്കുകൾ പ്രകാരം ആത്മഹത്യ, അശ്ലീല ദൃശ്യങ്ങളുടെ വ്യാപനം എന്നിവ 2012-നെ അപേക്ഷിച്ച് പിന്നീടുള്ള വർഷങ്ങളിൽ വർദ്ധിച്ചു വരുന്നതായി കാണുന്നില്ല. എന്നാൽ സൈബർ നിയമ ലംഘനങ്ങൾ വർദ്ധിച്ചു വരുന്നതായും കാണുന്നു. ഇന്റർനെറ്റ്, മൊബൈൽ ഫോൺ, വാട്സാപ്പ് തുടങ്ങിയ രംഗങ്ങളിലെ സാങ്കേതിക പുരോഗതി അവയുടെ ദുരുപയോഗത്തിന് കാരണമാകുന്നതും ആയവ സൈബർ നിയമലംഘനങ്ങൾക്കും അശ്ലീല ദൃശ്യങ്ങളുടെ വ്യാപനത്തിനും കാരണമാകുന്നു.
വിവാഹമോചനത്തിനും, ഒളിച്ചോട്ടത്തിനും മാത്രമായി ജില്ലകളിൽ പ്രത്യേകം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) സമൂഹം അരാജകത്വത്തിലേക്ക് വഴുതി വീഴുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) സംസ്ഥാന പോലീസ് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പോലീസ് സംവിധാനങ്ങളിൽ ഒന്നാണ്. നിയമ സാക്ഷരതയും, കൂടുതൽ ജനസംഖ്യയും ഉള്ള കേരളത്തിൽ പോലീസ് വളരെ കാര്യക്ഷമമായാണ് കൃത്യനിർവ്വഹണം നടത്തി വരുന്നത്. ആയതിനാൽ, സംസ്ഥാനത്ത് അരാജകാവസ്ഥയില്ല. നാടിനും, ജനങ്ങൾക്കും ദോഷകരമായി വരുന്ന ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമമനുസരിച്ച് പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ